പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3795

21.06.2018 - ൽ മറുപടിക്ക്

## വ്യാവസായിക വികസനം വഴി തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

ചോദ്യം
ശ്രീ. പി. കെ. ശശി

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) സംസ്ഥാനത്ത് വ്യാവസായിക വികസനം സാധ്യമാക്കാനും അതുവഴി തൊഴിലില്ലായ്മ പരിഹരിക്കാനും എന്ത് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(എ) : സംസ്ഥാനത്ത് വ്യവസായ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യാവസായിക വളർച്ച കൈവരിക്കുന്നതിനും സർക്കാർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നത് സുഗമമാക്കുക എന്ന ലക്ഷ്യത്തോടെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2017 പുറപ്പെടുവിച്ചിട്ടുണ്ട്.

വ്യവസായ വികസനം സാധ്യമാക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

- നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി.
- എറണാകുളത്തും തൃശ്ശൂരും ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ് .
- സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി.
- സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി.
- സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡവലപ്പ്മെന്റ് പദ്ധതി.
- തകർച്ച നേരിടുന്ന സൂക്ഷ്മ-ചെറുകിട-

ഇടത്തരം സംരംഭങ്ങളുടെ പുനരുദ്ധാരണ പദ്ധതി.

- സ്ത്രീകൾ, എസ്.സി / എസ്.റ്റി, അംഗപരിമിതർ എന്നീ വിഭാഗത്തിൽപ്പെട്ട വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം.
- സ്കീം ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ. & ഇ.പി.എഫ് കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിങ് എംപ്ലോയ്മെന്റ് ഇൻ എം.എസ്. എം.ഇ.
- കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആഷ പദ്ധതി.
- സംരംഭകത്വ വികസന ക്ലബ്ബുകളുടെ രൂപീകരണം.
- ഇവ കൂടാതെ കേരളത്തിൽ ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാമുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയുള്ള സംരംഭകത്വ ബോധവത്കരണ പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, ചെറുകിട-സൂക്ഷ്മ-ഇടത്തരം സംരംഭകരുടെ ഉൽപ്പന്ന-വിപണന മേളകൾ, മെഷീനറി പ്രദർശനം തുടങ്ങിയവയും നടത്തി വരുന്നു.
- വ്യവസായ വികസനം ലക്ഷ്യമാക്കിയുള്ള പശ്ചാത്തല വികസന പദ്ധതികളിലൂന്നി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം.

(ബി) ഇതിനായി പൊതു-സ്വകാര്യ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിൽ ഈ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) : <u>(ബി), (സി) & (ഡി)</u>

വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി പൊതു-സ്വകാര്യ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്ന രീതിയാണ് സർക്കാർ അവലംബിക്കുന്നത്. പൊതുമേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതും സംരംഭങ്ങൾ ആരംഭിക്കുന്നതും സർക്കാർ തലത്തിലെ നയ രൂപീകരണത്തിന്റെ ഭാഗമായിട്ടാണ്. പ്രത്യേകിച്ചും സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ

സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന രീതിയാണ് നിലവിലുള്ളത്. അടിസ്ഥാന പശ്ചാത്തല വികസനത്തിനായി പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി *ഇൻകെൽ* പോലുള്ള സ്ഥാപനങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

(സി) എങ്കിൽ ഇതിനായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും എന്തൊക്കെ തുടർ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ഡി) പൊതു-സ്വകാര്യ നിക്ഷേപങ്ങളിലൂടെയുള്ള വ്യാവസായിക വികസനം വഴി സംസ്ഥാനത്ത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിലൂടെ സർക്കാർ കണക്കാക്കുന്ന തൊഴിൽ സാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ ?

സെക്ഷൻ ഓഫീസർ.